₹ 5/-

# റിയൽ ലൈഫ് വോയ്സ്

R E A L   L I F E   V O I C E

Monthly

Volume 10
Issue 1

**July 2021**

pages 24

"അഗ്രിപ്പാ പൗലൊസിനോട്: ഞാൻ ക്രിസ്ത്യാനിയായിത്തീരുവാൻ നീ എന്നെ അല്പം കൊണ്ട് സമ്മതിപ്പിക്കുന്നു എന്നു പറഞ്ഞു. അതിനു പൗലൊസ്: നീ മാത്രമല്ല, ഇന്നു എന്റെ പ്രസംഗം കേൾക്കുന്നവർ എല്ലാവരും അല്പം കൊണ്ടാകട്ടെ അധികം കൊണ്ടാകട്ടെ ഈ ചങ്ങല ഒഴികെ എന്നെപ്പോലെ ആകേണം എന്നു ഞാൻ ദൈവത്തോടു അപേക്ഷിക്കുന്നു എന്നു പറഞ്ഞു"

**(അപ്പൊ.പ്രവൃ. 26:28,29)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

**Volume 10   Issue 1   July 2021   pages 24   Rs.5/-**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ Google Pay ചെയ്യുകയോ, ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യാം.
**ദയവായി മണിഓർഡർ അയയ്ക്കരുത്**

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394

**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**

**Book No. 115**

## ഉള്ളടക്കം

| | പേജ് |
|---|---|
| • കാൽവിന്റെ തമാശകൾ | 3 |
| • പ്രതികരണങ്ങൾ | 6 |
| • തൃശ്ശൂരിലെ താരപ്പേട്ടൻ (11) | 8 |
| • കാൽവിന്റെ ഭീകരവാഴ്ച... | 11 |
| • പുതിയനിയമത്തിലൂടെ....(19) | 15 |
| • പരിശുദ്ധാത്മാവ് (38) | 18 |
| • ഇമ്മാനുവിന്റെ സംശയങ്ങൾ (34) | 20 |
| • ബൈനോക്കുലർ(14) | 22 |
| • കാക്കകൾക്ക് കക്കൂസുകൾ | 24 |

ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ

# കാൽവിന്റെ തമാശകൾ



1509 ജൂലായ് മാസം ഫ്രാൻസിലായിരുന്നു ജോൺ കാൽവിന്റെ ജനനം. 1564 മെയ് മാസത്തിൽ, തന്റെ അമ്പത്തിയഞ്ചാമത്തെ വയസ്സിൽ, അദ്ദേഹം ഇഹലോകവാസം വെടിയുകയും ചെയ്തു. അദ്ദേഹം 27–ാമത്തെ വയസ്സിൽ എഴുതി പ്രസിദ്ധീകരിച്ച പുസ്തകമാണ് *മാഗ്നം ഓപസ്* (magnum opus) എന്നത്. അതിൽ ദൈവത്തിന്റെ തിരഞ്ഞെടുപ്പിനെക്കുറിച്ച് വിചിത്രമായ ചില കാര്യങ്ങളാണ് എഴുതിവച്ചിരിക്കുന്നത്.

അതിന്റെ ചുരുക്കം ഇതാണ്. ദൈവം ചിലരെ നന്മയ്ക്കായിട്ടും ചിലരെ തിന്മയ്ക്കായിട്ടും തിരഞ്ഞെടുത്തിട്ടുണ്ട്. അവർ ജനിക്കുന്നതിനു മുമ്പേ ആ രീതിയിൽ ദൈവം തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ ഭൂമിയിൽ ജനിക്കുന്നവരിൽ ദൈവം മുന്നമേ തിരഞ്ഞെടുത്തിട്ടുള്ളവർ മാത്രം രക്ഷ പ്രാപിക്കും. അല്ലാത്തവർ നശിച്ചുപോകും. നേരത്തേ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവർ എന്തൊക്കെ തടസ്സങ്ങൾ ഉണ്ടായാലും രക്ഷിക്കപ്പെടുക തന്നെ ചെയ്യും. എന്നാൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെടാതെ പോയ പാവങ്ങളായവർ, തങ്ങൾക്ക് രക്ഷിക്കപ്പെടണം എന്നു ആഗ്രഹിച്ചാൽ പോലും നടക്കില്ല.

നോഹയുടെ തലമുറയിൽ ദൈവം വെറും എട്ടു പേരെ മാത്രമാണ് തിരഞ്ഞെടുത്തത്. ആ തിരഞ്ഞെടുപ്പ് അവരുടെ ജനനത്തിനു മുമ്പേ ദൈവം സ്വന്തഹിതപ്രകാരം ചെയ്തു. നോഹ എത്ര നീതി പ്രസംഗിച്ചു നടന്നാലും ബാക്കിയാരും രക്ഷിക്കപ്പെടില്ല. കാരണം ദൈവം അവരെ നേരത്തേ തന്നെ തള്ളിക്കളഞ്ഞിട്ടുള്ളതാണ്. മണ്ടനായ, തിയോളജി അറിയാത്ത, നോഹ വെറുതെ ഓടി നടന്നു പ്രസംഗിച്ചു. എന്തുകൊണ്ടാണ് ദൈവം ബാക്കിയുള്ള ജനത്തെ തള്ളിക്കളഞ്ഞത് എന്നു ചോദിച്ചാൽ, “അത് ദൈവം അങ്ങനെ തീരുമാനിച്ചു, നാം ആരാണ് ദൈവത്തെ ചോദ്യം ചെയ്യാൻ” എന്നു മറുപടി.

പാവം ഗോവിന്ദച്ചാമി! സൗമ്യ എന്ന പാവം പെൺകുട്ടിയെ ട്രെയിനിൽ വച്ച് കടന്നാക്രമിച്ചു. മാനം രക്ഷിക്കാനായി ട്രെയിനിൽ നിന്നു ചാടിയ അവളുടെ പുറകെ അവനും ചാടി. അവൾ കൊല്ലപ്പെട്ടു. ഇവിടത്തെ നിയമം

പാവം ഗോവിന്ദച്ചാമിയെ ജയിലിൽ അടച്ചു. ഇവിടത്തെ കോടതിയുണ്ടോ അറിയുന്നു, ഗോവിന്ദച്ചാമിയെ ദൈവം അപ്രകാരം നിയമിച്ചതാണെന്ന്! ഗോവിന്ദച്ചാമിക്ക് ഒരിക്കലും സൗമ്യയെ ആക്രമിക്കാതിരിക്കാൻ കഴിയില്ല. കാരണം അവനെക്കുറിച്ചു ദൈവം അങ്ങനെ തീരുമാനിച്ചുപോയി! *(ദൈവമേ, എന്നോടു ക്ഷമിക്കണമേ)*

പാവം യൂദാ. യേശുവിനെ ഒറ്റിക്കൊടുത്തു. ഞാൻ ഒറ്റിക്കൊടുക്കില്ല എന്നു എത്ര ആഗ്രഹിച്ചാലും യൂദായ്ക്ക് അതു ചെയ്യാതിരിക്കാൻ കഴിയില്ല. കാരണം ദൈവം അവനെക്കുറിച്ച് അങ്ങനെ തീരുമാനിച്ചുവച്ചിട്ടുണ്ടായിരുന്നു. കള്ളുകുടിയന്മാരായും വ്യഭിചാരികളായും കൊലപാതകികളായും ജിവിച്ചു മരിച്ചവരോട് എനിക്ക് സഹതാപം തോന്നുന്നു. കാരണം നന്നാവണം എന്നു വിചാരിച്ചാലും അവർക്കൊന്നും നന്നാവാൻ കഴിയില്ലായിരുന്നു. നല്ലവനായ ദൈവം അവരെല്ലാം അങ്ങനെ ജീവിച്ചു നശിക്കണം എന്നു മുന്നമേ തീരുമാനിച്ചിട്ടുണ്ടായിരുന്നു.

കാൽവിന്റെ പഠിപ്പിക്കലുകളുടെ സാരം ഇങ്ങനെയൊക്കെയാണ്. കാൽവിന്റെ കോമഡി ഇനിയുമുണ്ട്. യേശുക്രിസ്തു ക്രൂശിൽ മരിച്ചത് എല്ലാവർക്കും വേണ്ടിയല്ല. മുന്നമേ തിരഞ്ഞെടുത്ത കുറച്ചുപേർക്കുവേണ്ടി മാത്രമാണ്. ഇതറിഞ്ഞിട്ടും കാൽവനിസ്റ്റുകൾ സുവിശേഷം അറിയിക്കുമ്പോൾ, എല്ലാവർക്കുംവേണ്ടി മരിച്ചു എന്നു പ്രസംഗിക്കുകയും ചെയ്യും.

മരിച്ചുപോയ അന്തോണിച്ചേട്ടനോട് അദ്ദേഹം മരിക്കുന്നതിനു മുമ്പ് സുവിശേഷം എത്ര വർഷം പറഞ്ഞിട്ടും അദ്ദേഹം രക്ഷിക്കപ്പെട്ടില്ല. എങ്ങനെ രക്ഷിക്കപ്പെടാൻ? സ്നേഹവാനും നല്ലവനുമായ ദൈവം ആ പാവത്തിനെ നരകത്തിലേക്ക് പോകാനായി തിരഞ്ഞെടുത്തിരിക്കയാണല്ലോ. എത്ര സുവിശേഷം പറഞ്ഞാലും രക്ഷയില്ല.

*എന്തുകൊണ്ടാണ് അന്തോണിച്ചേട്ടൻ രക്ഷിക്കപ്പെടാതിരുന്നത്?*

അയാളെ ദൈവം തിരഞ്ഞെടുക്കാത്തതുകൊണ്ട്.

*എന്നിട്ട് എന്തിനാണ് ദൈവം അയാളെ നരകത്തിലേക്ക് വിട്ടത്?*

അയാൾ രക്ഷിക്കപ്പെടാത്തതുകൊണ്ട്.

*ദൈവം തിരഞ്ഞെടുക്കാത്തതുകൊണ്ടല്ലേ അയാൾ രക്ഷിക്കപ്പെടാഞ്ഞത്? പിന്നെന്തിന് ആ പാവത്തെ നരകത്തിലേക്ക് വിടുന്നു?*

ദൈവം തിരഞ്ഞെടുക്കാത്തതുകൊണ്ട് അയാൾക്ക് ഒരിക്കലും രക്ഷിക്കപ്പെടാൻ കഴിയില്ല. പക്ഷേ അതിന്റെ കുറ്റം ദൈവത്തിനല്ല, അയാൾക്കാണ്. അതുകൊണ്ട് അയാൾ നരകത്തിലേക്കു പോകണം.

ചില വായനക്കാർക്ക് കാര്യം മനസ്സിലായില്ലെന്നു തോന്നുന്നു. ഞാൻ കുറച്ചുകൂടി ലളിതമായി പറഞ്ഞുതരാം. നല്ലവളും കുഞ്ഞിനെ സ്നേഹിക്കുന്നവളുമായ ഒരു അമ്മ തന്റെ കുഞ്ഞിന്റെ വായ് ബാൻഡേജ് വച്ച് ഒട്ടിച്ചു അടയ്ക്കുന്നു. എന്നിട്ട് കുഞ്ഞിനു അമ്മിഞ്ഞപ്പാൽ കൊടുക്കാൻ ശ്രമിക്കുന്നു. കുടിക്കാനാകാതെ കുട്ടി ഞെളിപിരി കൊള്ളുന്നു. അപ്പോൾ അമ്മ ആ കുഞ്ഞിനെ തല്ലുന്നു. ഇത്രേയുള്ളൂ.

ഇനിയും മനസ്സിലായില്ലേ? ഒരു ഉദാഹരണം കൂടി പറയാം. ഒരു അപ്പൻ യാതൊരു കാരണവും കൂടാതെ തന്റെ മകനെ വരിഞ്ഞു മുറുക്കി കെട്ടിയിടുന്നു. എന്നിട്ട് അദ്ദേഹം അപ്പുറത്തെ മുറിയിൽ പോയി മകനെ വിളിക്കുന്നു. മകന് വരാൻ കഴിയില്ല. അവനെ കെട്ടിയിട്ടിരിക്കുകയാണല്ലോ. തന്റെ അടുത്തേക്ക് ആ കുട്ടി വരാത്തതിന് അപ്പൻ ആ കുട്ടിയെ പൊതിരെ തല്ലുന്നു. പക്ഷേ ആ അപ്പൻ സ്നേഹവാനാണ്, നല്ലവനാണ്, നീതിമാനാണ്. ഇതാണ് കാൽവനിസം. ഇന്ന് ധാരാളം ക്രിസ്ത്യാനികൾ കാൽവിന്റെ ഈ ആശയങ്ങളെ അംഗീകരിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നുണ്ട്.

പാവം കോരഹ്. പാവം ബിലെയാം. പാവം കയീൻ. ഇവർക്കൊന്നും ജീവിതത്തിൽ നന്നാവാൻ കഴിയില്ലായിരുന്നു. നശിച്ചുപോകാനായി ദൈവം അവരെ അപ്രകാരം നിയമിച്ചുപോയില്ലേ? നമ്മള് ഇവരെയെല്ലാം വെറുതെ തെറ്റിദ്ധരിച്ചു. നന്നാവണം എന്നു തീരുമാനിച്ചാലും നന്നാവാൻ കഴിയാത്ത സാധുജന്മങ്ങൾ! മറ്റുള്ളവർ രക്ഷിക്കപ്പെടണം എന്ന ആത്മഭാരത്തോടെ സുവിശേഷം അറിയിക്കുന്ന മണ്ടന്മാരേ, ശ്രദ്ധിച്ചു കേൾക്കുക: നിങ്ങൾ വെയിലുകൊണ്ടും മറ്റുള്ളവരുടെ നിന്ദ സഹിച്ചും, തല്ലുകൊണ്ടും സുവിശേഷം അറിയിക്കേണ്ട ആവശ്യമില്ല. ദൈവം അവരെ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവർ രക്ഷിക്കപ്പെട്ടിരിക്കും. ഇനി ദൈവം അവരെ തിരഞ്ഞെടുത്തിട്ടില്ലെങ്കിൽ നിങ്ങൾ എത്ര കഴുത്തു കുത്തി മറിഞ്ഞാലും അവർ രക്ഷിക്കപ്പെടുവാൻ പോകുന്നുമില്ല. വെറുതെ എന്തിന് എനർജി പാഴാക്കുന്നു?

മാതാപിതാക്കളേ, നിങ്ങളുടെ കുട്ടികളെ ശാസിക്കുകയോ ശിക്ഷിക്കുകയോ ചെയ്യേണ്ടതില്ല. പ്രയോജനമില്ല. ദൈവം അവരെ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവർ താനേ നന്നായിക്കൊള്ളും. ഇല്ലെങ്കിൽ നശിച്ചുപോകും. അപ്പോൾ ബാലനെ അഭ്യസിപ്പിക്കണം എന്നു ബൈബിളിൽ പറഞ്ഞിട്ടുണ്ട് എന്നല്ലേ നിങ്ങൾ ചിന്തിക്കുന്നത്? കാൽവനിസം പഠിക്കാത്ത മണ്ടന്മാർ ബൈബിളിൽ ഇങ്ങനെ പലതും എഴുതിവച്ചിട്ടുണ്ട്. മനസ്സിലായില്ലേ?

അപ്പോൾ മനുഷ്യൻ എന്നു പറയുന്നത്, പാവക്കൂത്തുകാരൻ ചലിപ്പിക്കുന്ന പാവ പോലെയാണോ? എന്റെ സുഹൃത്തേ, എന്നോട് ഈ വക ചോദ്യങ്ങളൊന്നും ചോദിക്കരുത്. ഞാനൊരു പാവമാണ്.

**എംവിഎസ്**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം**
**ഫോൺ: 95 44 557 557**

## Roy Mathew, Vengeri, Calicut

ഞാൻ കോഴിക്കോട് താമസിക്കുന്നുവെങ്കിലും ജന്മം കൊണ്ട് പെങ്ങാമുക്കുകാരനാണ്. അതുകൊണ്ട് തന്നെ പെങ്ങാമുക്കിലെ താരപ്പേട്ടനെക്കുറിച്ചുള്ള ലേഖനങ്ങൾ വളരെ താത്പര്യത്തോടെയാണ് വായിക്കുന്നത്. അദ്ദേഹത്തിന്റെ ആത്മകഥയുടെ കോപ്പി ലഭിക്കുമോ? **(എഡിറ്റർ: സി. വി. താരപ്പന്റെ ആത്മകഥയുടെ കയ്യെഴുത്തുകോപ്പി മാത്രമാണ് ഉള്ളത്. നിർഭാഗ്യവശാൽ അതു ആരുടെയൊക്കെയോ കയ്യിൽ നിന്നും നഷ്ടപ്പെട്ടു. അതിന്റെ കുറച്ചു ഭാഗങ്ങൾ ചില വർഷങ്ങൾക്കു മുമ്പ് ജീവധ്വനി മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു. അതു മാത്രമാണ് എന്റെ കൈവശമുള്ളത്. താരപ്പേട്ടന്റെ ആത്മകഥ ലഭിച്ചിരുന്നുവെങ്കിൽ എന്ന് എനിക്കും ആഗ്രഹമുണ്ട്)**

## Reji Cheruvathoor, Pazhanji, Thrissur

മാസിക കിട്ടിയാൽ വള്ളി പുള്ളി വിടാതെ മുഴുവനും ഞാൻ വായിക്കും. ഇപ്പോൾ ഞാൻ അതിൽ ഏറ്റവുമധികം താത്പര്യത്തോടെ വായിക്കുന്നത് താരപ്പൻസഹോദരനെക്കുറിച്ചുള്ള ലേഖനമാണ്. അദ്ദേഹം എന്റെ നാട്ടുകാരനാണ്. അദ്ദേഹത്തെപ്പോലെ ഞാനും യാക്കോബായസഭയിലായിരുന്നു. പണ്ട് ഞങ്ങൾ യാക്കോബായക്കാർ അവരെ താരപ്പൻസഭ എന്നൊക്കെ വിളിച്ചു കളിയാക്കിയിട്ടുണ്ട്. വചനം മനസ്സിലാക്കി മുന്നോട്ടു വന്നപ്പോഴാണ് അദ്ദേഹം കാണിച്ച വിശ്വാസത്തിന്റെ വില മനസ്സിലാകുന്നത്. അവർ വളരെ കഷ്ടം സഹിച്ചാണ് ദൈവവേല ചെയ്തത് ഇന്നു ഞാൻ തിരിച്ചറിയുന്നു.

## Saly Joykutty, Kothamangalam, Ernakulam

മാസിക വളരെ താത്പര്യത്തോടെയാണ് ഞാൻ വായിക്കുന്നത്. വളരെ പ്രയോജനപ്പെടുന്നു. 2018 മാർച്ചിൽ ഒരു വായനക്കാരൻ ഈ മാസികയെ പ്രശംസിച്ചു എഴുതിയപ്പോൾ, 40 കൊല്ലങ്ങൾക്കു മുമ്പ് ഇതുപോലൊരു മാസിക ചെറുതുരുത്തിയിൽ നിന്നും ഇറങ്ങിയിരുന്നു എന്നും പേര് ഓർമ്മയില്ല എന്നും എഴുതിക്കണ്ടിരുന്നു. എന്റെ വല്യപ്പച്ചൻ കുഞ്ഞൂഞ്ഞ് എബ്രാഹാം നടത്തിയിരുന്ന മാസികയാണത്. *പൊൻകനികൾ* എന്നായിരുന്നു പേര്. *റിയൽ ലൈഫ് വോയ്സും* അതുപോലെ നന്നായിരിക്കുന്നു.

## K M Kurien, Nilambur, Malappuram

മാസിക കൃത്യമായി ലഭിക്കുന്നുണ്ട്. ലേഖനങ്ങളെല്ലാം വളരെ മനോഹരമാണ്. നന്ദി. ദൈവത്തെ സ്തുതിക്കുന്നു. ഞാൻ ഇതോടൊപ്പം ചില അഡ്രസ്സുകൾ കൊടുക്കുന്നു. അവർക്കും കൂടി ഈ മാസിക അയച്ചുകൊടുക്കുമല്ലോ.

## Joy Immanuel, Thiruvalla, Pathanamthitta

*റിയൽ ലൈഫ് വോയ്സ്* ഇന്നു രാവിലെ വന്നു. ആഡംബരത്തിന്റെ മേലാട ഇല്ലാത്ത ആ കോമളാംഗിയെ ഹാർദ്ദമായി ചേർത്തുപിടിച്ചു. അവളുടെ വചസുകൾ ചന്ദനസമാനം സൗഗന്ധികവും ശീതളവും ആണ്. അവളെ കമനീയമായി അണിയിച്ചൊരുക്കിയ മാന്യസഹോദരൻ സെബാസ്റ്റ്യൻ ആദരവ് അർഹിക്കുന്നു.

## Jomy Lonappan, Vaikom, Kottayam

ജൂൺമാസത്തെ മാസിക വായിച്ചപ്പോൾ രണ്ടു സംശയങ്ങൾ: (1) പുതിയനിയമത്തിലൂടെയുള്ള യാത്ര എന്നു പറഞ്ഞിട്ട് അതു പഴയനിയമത്തിലൂടെയുള്ള യാത്രയായി മാറിയോ? (2) യോവേൽ പഠനത്തിൽ ശൗൽ കുതിരപ്പുറത്തുനിന്നു താഴെ വീണു എന്നു എഴുതിയിരിക്കുന്നത് ശരി തന്നെയാണോ?

**(എഡിറ്റർ: ഇതുപോലെയുള്ള സംശയങ്ങൾ അവതരിപ്പിക്കുമ്പോൾ, മാസിക കൃത്യമായി വായിച്ചതിനു ശേഷമാണ് ഇങ്ങനെ ചോദിക്കുന്നത് എന്നത് എഡിറ്റർ എന്ന നിലയിൽ എനിക്കു വളരെ പ്രോത്സാഹനം തരുന്നതാണ്.**

**(1) മത്തായി 21:2 ൽ നാം കഴുതയെ കാണുന്നു. ഇക്കാര്യം ഏപ്രിൽ ലക്കത്തിൽ ഉണ്ടായിരുന്നു. തുടർന്ന് മെയ്, ജൂൺ മാസങ്ങളിലും കഴുതയെ ചുറ്റിപ്പറ്റി ചില ചിന്തകൾ പറഞ്ഞുവെന്നു മാത്രം. ഈ ലക്കത്തിൽ 2 പത്രൊസ് 2:16 ആധാരമാക്കിയാണ് എഴുതിയത്. ബിലെയാം പഴയനിയമത്തിലെ കഥാപാത്രമായതുകൊണ്ട് സ്വാഭാവികമായും യാത്ര പഴയനിയമത്തിലൂടെയും ആകേണ്ടി വന്നു.**

**(2) ശൗൽ (പൗലൊസ്) കുതിരപ്പുറത്തു നിന്നു വീണു എന്ന് ഞാനെഴുതിയത് എന്റെ ഭാഗത്തുനിന്നും സംഭവിച്ച തെറ്റാണ്. ബൈബിളിൽ അങ്ങനെ പറഞ്ഞിട്ടില്ല. തെറ്റു ചൂണ്ടിക്കാണിച്ചതിൽ സന്തോഷവും നന്ദിയും ഉണ്ട്)**

## Jose Mathew, Pazhayannur, Thrissur

*റിയൽ ലൈഫ് വോയ്സ്* മാസിക ഏകദേശം അഞ്ചു വർഷത്തോളമായി ഞാനും കുടുംബവും വായിക്കുന്നു. മാസികയിലൂടെ ദൈവവചനം കൂടുതൽ ആഴത്തിൽ പഠിക്കുവാൻ ദൈവം സഹായിക്കുന്നു. ദൈവവചനം മറ്റുള്ളവരിലേക്ക് എത്തിക്കുവാൻ സഹായകമാകുന്ന ഈ പ്രവർത്തനെത്തെ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ. ❍

# തൃശ്ശൂരിലെ താരപ്പേട്ടൻ

## അഥവാ, സി.വി.താരപ്പൻ

**-എംവിഎസ്-**

11

**രണ്ടു നക്ഷത്രങ്ങൾ വേർപിരിയുന്നു**

മഹാകവി കെ. വി. സൈമനും സി. വി. താരപ്പൻസഹോദരനും തമ്മിലുള്ള സൗഹൃദവും കൂട്ടായ്മയും അധികകാലം നീണ്ടുനിന്നില്ല. പല കാര്യങ്ങളിലും രണ്ടു പേരും തമ്മിൽ നല്ല യോജിപ്പുണ്ടായിരുന്നുവെങ്കിലും, ചില കാര്യങ്ങളിൽ വ്യത്യാസം ഉണ്ടായിരുന്നു എന്നതാണ് വാസ്തവം. അവ ഏതെല്ലാം എന്നു താഴെ കുറിക്കുന്നു.

**1. ചികിത്സ**

ചികിത്സ പാടില്ല എന്നു തന്നെ രണ്ടു പേരും തുടക്കത്തിൽ വിശ്വസിച്ചിരുന്നു. ദൈവം രോഗസൗഖ്യം തരാൻ മതിയായവൻ എന്നും, രോഗം വന്നാൽ പ്രാർത്ഥിച്ചാൽ മാത്രം മതിയെന്നും ചികിത്സ വേണ്ടെന്നും രണ്ടു പേരും വിശ്വസിച്ചു. എന്നാൽ രോഗം വന്നാൽ ചികിത്സിക്കുന്നതിനെ ബൈബിൾ എതിർക്കുന്നില്ല എന്നു മഹാകവി കെ. വി. സൈമൻ പിന്നീട് തിരുത്തി. താരപ്പൻസഹോദരനാകട്ടെ ജീവിതാന്ത്യം വരെ ചികിത്സ പാടില്ല എന്നു വിശ്വസിക്കുകയും ചികിത്സ ഒട്ടും സ്വീകരിക്കാതെ ജീവിക്കുകയും ചെയ്തു.

“കുട്ടപ്പ ഉപദേശി...... തെക്കേക്കര ചാക്കുണ്ണി മുതൽ പേർ രോഗശാന്തിയിലുള്ള വിശ്വാസത്തിൽ പ്രാർത്ഥനയിലും ഉപദേശത്തിലും എന്നെ വളരെ ധൈര്യപ്പെടുത്തി” എന്നു നാം താരപ്പൻസഹോദരന്റെ ആത്മകഥയിൽ വായിക്കുന്നുണ്ട്. കെ. വി. സൈമൺസാർ ഇതിനെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്: “.....ചികിത്സ ആവശ്യമില്ലെന്നും ചികിത്സ തെറ്റാണെന്നും ഞങ്ങൾക്കു തോന്നി..... ചികിത്സയുള്ള (ചികിത്സ ചെയ്യുന്ന) രോഗിക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കയില്ലെന്നു നിർബന്ധം പിടിക്കുകയുണ്ടായി. ഇതു നിമിത്തം പലർക്കും വിഷമവും ദുഃഖവും ഉണ്ടായി.... ചികിത്സ തെറ്റാണെന്നു പറഞ്ഞുകൂടാ ഇത്യാദി വിളംബംവിനാ എനിക്കു മനസ്സിലായി (റ്റി. എ. കുരിയൻ എഴുതിയ *മഹാകവി കെ. വി. സൈമൺ* എന്ന പുസ്തകം, പേജ് 101, 102).

ചികിത്സ ചെയ്യാമെന്നു മനസ്സിലാക്കുകയും ചികിത്സ ചെയ്യുകയും ചെയ്തുപോന്ന സൈമൺസാർ 61 വയസ്സുവരെ മാത്രം ജീവിച്ചപ്പോൾ, യാതൊരു ചികിത്സയും ചെയ്യാതെ താരപ്പൻസഹോദരൻ 72 വയസ്സു വരെ ജീവിച്ചു എന്ന കാര്യം ഒരു കൗതുകത്തിനുവേണ്ടി ഇവിടെ കുറിക്കുന്നു.

ഏതു അസുഖം വന്നാലും  ചികിത്സിക്കേണ്ടതില്ലെന്നു താരപ്പേട്ടൻ ശക്തമായി തീരുമാനിച്ചു. ദൈവം തന്റെ മകനെ സഹായിച്ചു. വലിയ പോഷകഗുണമുള്ള ആഹാരമോ മറ്റോ കഴിക്കാൻ തനിക്കു അവസരം ലഭിച്ചിരുന്നില്ല. പലപ്പോഴും താൻ ശരിയായ നിലയിൽ ഭക്ഷണം കഴിക്കുക പോലും ചെയ്തിട്ടില്ല എന്നു ദൃക്സാക്ഷികൾ പറയുന്നു. (അദ്ദേഹത്തെ നേരിൽ കണ്ടിട്ടുള്ള ചിലർ നമ്മുടെ ഇടയിലുണ്ടല്ലോ). പക്ഷേ ദൈവം തന്റെ ദാസനോടു കരുണ കാണിക്കുകയും 72 വയസ്സുവരെ ജീവിക്കാൻ അനുവദിക്കുകയും ചെയ്തു.

**2. സഹസ്രാബ്ദവാഴ്ച**

ആയിരമാണ്ടുവാഴ്ചയുടെ കാര്യത്തിൽ രണ്ടുപേരും രണ്ടു തട്ടിലായിരുന്നു. കെ. വി. സൈമൺസാർ സഹസ്രാബ്ദവാഴ്ച ഭാവിയിൽ സംഭവിക്കും എന്നു വിശ്വസിച്ചപ്പോൾ, താരപ്പൻസഹോദരൻ സഹസ്രാബ്ദവാഴ്ച സംഭവിച്ചുകഴിഞ്ഞു, ഇനി അങ്ങനെയൊന്നു ഇല്ലെന്നു വിശ്വസിച്ചു.

**കെ.വി.സൈമൺ:** സാത്താൻ കെട്ടപ്പെടുകയും ക്രിസ്തു ഈ ഭൂമിമേൽ വാഴുകയും ചെയ്യുന്ന സഹസ്രാബ്ദം എന്ന കാലയളവുണ്ടെന്നു പുതിയനിയമം സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. വെളി.20: 1-7 വരെയുള്ള വാക്യങ്ങളിൽ ഈ കാലത്തെപ്പറ്റി ആറു പ്രാവശ്യം പറയപ്പെട്ടിരിക്കുന്നു. (*വെളിപ്പാടു പുസ്തകവ്യാഖ്യാനം*, seventh edition പേജ് 210)

**സി. വി. താരപ്പൻ:** ക്രിസ്തുവിന്റെ ഉപദേശത്തിൽ സഹസ്രാബ്ദം ഉണ്ടോ? അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽ സഹസ്രാബ്ദം എവിടെ? വെളിപ്പാടുപുസ്തകത്തിൽ സഹസ്രാബ്ദം ക്രിസ്തുവിന്റെ പുനരാഗമനത്തിന്റെ ശേഷമാണെന്നു പറഞ്ഞിട്ടുണ്ടോ? എന്നിത്യാദി ചോദ്യങ്ങളുമായി മുന്നേറിയതിനുശേഷം താരപ്പൻസഹോദരൻ ഇപ്രകാരം എഴുതിയിരിക്കുന്നു:

> ആറാം നൂറ്റാണ്ടു മുതൽ 16-ാം നൂറ്റാണ്ടുവരെയുള്ള കാലങ്ങളെ അന്ധകാരയുഗമെന്നു സഭാചരിത്രകാരന്മാർ സമ്മതിച്ചിരിക്കുന്നു. ഈ കാലയളവിനെയാണ് വെളിപ്പാടുപുസ്തകം ആയിരാമാണ്ട് എന്നു പറയുന്നത്. (വെളി.20:2-5 നോക്കുക). ഈ കാലയളവിൽ വീണ്ടുജനനോപദേശം ദുർല്ലഭമായിരുന്നു. മൃഗത്തേയും അതിന്റെ പ്രതിമയേയും നമസ്കരിക്കാതെയും നെറ്റിമേലും കൈമേലും അതിന്റെ മുദ്രയേൽക്കാതെയും വീണ്ടും ജനനം ഉള്ളതായ ഒരു ചെറിയ കൂട്ടം ഈ കാലയളവിലും ഉണ്ടായിരുന്നു എന്നുള്ളതിനു തർക്കമില്ല. അവർ ജീവിച്ചു, ആയിരമാണ്ടു ക്രിസ്തുവിനോടു കൂടെ വാണു. അതായത് നാമധേയ ഉപദേശങ്ങളെ ഗണ്യമാക്കാതെ സുവിശേഷത്തിനു ഒത്തവണ്ണം ജീവിച്ചു. (താരപ്പൻ എഴുതിയ *സഹസ്രാബ്ദം എപ്പോൾ, എന്തിന്?* എന്ന പുസ്തകം, പേജ് 14)

കെ. വി. സൈമനും, സി. വി. താരപ്പനും സഹസ്രാബ്ദവാഴ്ച സംബന്ധിച്ച് രണ്ടു തട്ടിലായതും, രണ്ടു പേർക്കും ഇത് ഇഷ്ടപ്രസംഗവിഷയമായതും നിമിത്തം അവർക്കു തമ്മിൽ അകലേണ്ടി വരിക സ്വാഭാവികം.

**3. ഫോട്ടോ**

ഒരു ചിത്രമോ സ്വന്തം ഫോട്ടോയോ നാം ഉപയോഗിക്കരുതെന്നു താരപ്പൻ ചിന്തിച്ചു. അദ്ദേഹത്തിന്റെ ഒരു ഫോട്ടോ പോലും അതുകൊണ്ട് നമ്മുടെ കയ്യിൽ ഇല്ലാതെ പോയി. ഭൂമിയിലുള്ള ഒന്നിന്റെയും പ്രതിമയോ രൂപമോ പാടില്ല എന്നുള്ള പ്രമാണമായിരിക്കാം അദ്ദേഹം ഇങ്ങനെയൊരു തീരുമാനത്തിൽ എത്താൻ കാരണം. കെ. വി. സൈമനാകട്ടെ നാം ഫോട്ടോ എടുക്കുന്നതിൽ അപാകതയില്ല എന്ന അഭിപ്രായക്കാരനായിരുന്നു.

**4. രക്ഷയുടെ ഭദ്രത**

പാപം ചെയ്താൽ രക്ഷ നഷ്ടപ്പെടും എന്നു സി. വി. താരപ്പൻ പഠിപ്പിച്ചു. കെ. വി. സൈമനാകട്ടെ രക്ഷ ഭദ്രമാണ്, അതു നഷ്ടപ്പെടില്ല എന്നാണ് പഠിപ്പിച്ചത്.

**5. ബ്രദറൺസഭയുമായുള്ള യോജിപ്പ്**

ബ്രദറൺസഭയുമായി യോജിക്കാതെ താരപ്പനും സൈമനും കുറെക്കാലം മാറി നിന്നു. പക്ഷേ കെ. വി. സൈമൻ ഒടുവിൽ ബ്രദറൺസഭയുമായി ലയിക്കാൻ തീരുമാനിച്ചു. താരപ്പനെ ബ്രദറൺസഭയിൽ കൊണ്ടുവരാൻ 'നാഗൽമദാമ്മ'യടക്കം പലരും ശ്രമിച്ചുവെങ്കിലും അദ്ദേഹം അതിനു വഴങ്ങിയില്ല. സൈമൺസാറും വിയോജിതസഭയും ബ്രദറൺസഭയിൽ ലയിച്ചത്, താരപ്പൻസഹോദരന് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു എന്നാണ് താരപ്പനോടൊപ്പമുണ്ടായിരുന്നവരുടെ മക്കൾ എന്നോടു സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്.

സൈമൺസാറിനു ബ്രദറൺസഭയിൽ ചേരുന്നതിനു തന്റേതായ ചില ന്യായങ്ങളുണ്ടായിരുന്നു. ബ്രദറൺസഭയിൽ ലയിച്ചതു നിമിത്തം അദ്ദേഹത്തിനു ചില ഗുണങ്ങളും ചില ദോഷങ്ങളും ഉണ്ടായിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഏതായാലും സൈമൺസാർ ബ്രദറൺസഭയുടെ ഭാഗമായതോടുകൂടെ താരപ്പൻ അദ്ദേഹത്തിൽനിന്നും പൂർണ്ണമായും അകന്നു.

ബ്രദറൺസഭയിൽ ചേർന്നതു നിമിത്തം ഇന്നും കെ. വി. സൈമൺസാറും അദ്ദേഹത്തിന്റെ പാട്ടുകളും പുസ്തകങ്ങളും ഓർമ്മിക്കപ്പെടുന്നു. താരപ്പൻസഹോദരനാകട്ടെ, തന്റെ നിലപാടുകളിൽ വിട്ടുവീഴ്ചകൾക്ക് തയ്യാറായില്ല. അതുകൊണ്ട് ഇന്നു അദ്ദേഹത്തെ അധികമാരും ഓർക്കുന്നില്ല. അങ്ങനെ ഓർക്കണമെന്നു അദ്ദേഹം ആഗ്രഹിച്ചുമില്ല. **(തുടരും)**

# കാൽവിൻ സ്വീകരിച്ച ഭീകരവാഴ്ചാ സമ്പ്രദായം

**ഡോ. ജോൺസൺ സി ഫിലിപ്പ്**
**ഡോ. സനീഷ് ചെറിയാൻ**

**പുകഴ്പെറ്റ തിയോളജിയൻ എന്ന നിലയിലാണ് കാൽവിനെ പലരും വാഴ്ത്തുന്നത്. എന്നാൽ ഇദ്ദേഹത്തിനു മറ്റൊരു മുഖം കൂടിയുണ്ടായിരുന്നു– ക്രൂരതയുടെ മുഖം! കാൽവിന്റെ ദുഷ്ടതയുടെ മുഖം വായനക്കാരുടെ മുമ്പാകെ അനാവരണം ചെയ്യപ്പെടുകയാണ്, ഈ ലേഖനത്തിലൂടെ. എഴുത്തുകാർ രണ്ടു പേരും അറിയപ്പെടുന്ന ബ്രദറൺ സുവിശേഷകന്മാരാണ്. (എഡിറ്റർ)**

നവീനോപദേശങ്ങൾ മൂലം കത്തോലിക്കാസഭ ജോൺ കാൽവിനെ സഭയിൽനിന്നും പുറത്താക്കി. അങ്ങനെ അവിടെനിന്നും നാടു കടത്തപ്പെട്ട കാൽവിൻ നവീകരണം നടന്നുകൊണ്ടിരുന്ന ജനീവയിൽ അഭയം കണ്ടെത്തി. 1537 ൽ ജനീവയുടെ ഭരണഘടന തയ്യാറാക്കുന്നതിൽ ഒരു നിർണ്ണായക പങ്ക് വഹിക്കാനുള്ള അവസരവും തനിക്കു അവിടെ ലഭിച്ചു. കർത്തൃമേശ വർഷത്തിൽ നാലു പ്രാവശ്യം വിശ്വാസികൾ നിർബന്ധമായും ആചരിക്കണം എന്നും കുട്ടികൾക്ക് പ്രത്യേക അനുഷ്ഠാനവും താൻ ഭരണഘടനയിൽ ശുപാർശ ചെയ്തു.

കാൽവിൻ പഠിപ്പിക്കുന്ന ഉപദേശങ്ങളെ എതിർക്കുന്നവരെ കണ്ടെത്തുന്നതിന് ചില ചാരന്മാരെ നിയമിക്കുന്നതിനുള്ള ശുപാർശയും തന്റെ സ്വാധീനത്താൽ ഭരണഘടനയിൽ ചേർക്കപ്പെട്ടു. വാസ്തവത്തിൽ പ്രൊട്ടസ്റ്റന്റു നവീകരണത്തെ ജോൺ കാൽവിൻ തന്റെ അധീശാധികാരം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നതിനു ഒരു ഉപാധിയായി ഉപയോഗിക്കുകയായിരുന്നു എന്നു ചരിത്രം സാക്ഷിക്കുന്നു.

അധികാരശ്രേണിയായ കത്തോലിക്കാസഭയുടെ സ്നാനപ്പെട്ട പതിപ്പായിരുന്നു ജോൺ കാൽവിൻ കാഴ്ചവച്ച നവീന ആശയം എന്നു പറയുന്നതാണ് വാസ്തവം. കാൽവിൻ പഠിപ്പിക്കുന്നതിൽനിന്നും വ്യത്യസ്തമായി ചിന്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം പോലും തന്റെ അധികാര ദുർവിനിയോഗത്താൽ കാൽവിൻ ജനങ്ങൾക്കു നിഷേധിച്ചു എന്നു സാരം. തനിക്കു സ്വാധീനമുള്ള എല്ലാ രംഗങ്ങളിലും താൻ അവിടത്തെ പോപ്പായിരുന്നു.

### ജാക്വിസ് ഗ്രുവറ്റ്

ജോൺ കാൽവിന്റെ ഉപദേശങ്ങളെ ചോദ്യം ചെയ്ത ജാക്വിസ് ഗ്രുവറ്റ് എന്ന വ്യക്തിയെ ജനീവയിൽ തനിക്കുണ്ടായിരുന്ന സ്വാധീനം ഉപയോഗിച്ചു അറസ്റ്റ് ചെയ്യിക്കുകയും ഒരു മാസത്തോളം ക്രൂരപീഡനങ്ങൾക്ക് ഇരയാക്കുകയും ചെയ്തു. തനിക്കു തെറ്റു പറ്റി എന്നു ഗ്രുവറ്റ് സമ്മതിക്കുന്നതു വരെ പീഡനം തുടരാൻ കാൽവിൻ കല്പിച്ചു. ഒടുവിൽ 1547 ജൂലായ് 25 ന് ഗ്രുവറ്റിനെ ശിരച്ഛേദം ചെയ്തു കൊലപ്പെടുത്തി. അതിനുശേഷം ഗ്രുവറ്റ് എഴുതിയ വചന വ്യാഖ്യാന പുസ്തകങ്ങൾ എല്ലാം പൊതുജനസമക്ഷം അഗ്നിക്കിരയാക്കി. കാൽവിന്റെ ഉപദേശങ്ങളെ എതിർക്കുന്നവർക്ക് ഇതായിരിക്കും ഗതി എന്ന മുന്നറിയിപ്പായിരുന്നു ആ ഹീനകൃത്യത്തിനു പിന്നിൽ വ്യാപരിച്ചത്. എന്നിട്ടും മതി വരാഞ്ഞിട്ട് ഗ്രുവറ്റിന്റെ ഭാര്യയെ വീട്ടിൽനിന്നും വലിച്ചിറക്കിയതിനു ശേഷം അവരുടെ വീടും കാൽവിന്റെ അനുയായികൾ തീവെച്ചു ചുട്ടുകളഞ്ഞു.

### കൊലപാതകപരമ്പരകൾ, നാടുകടത്തൽ

ഗ്രുവറ്റ് വചനവെളിച്ചത്തിൽ കാൽവിന്റെ ഉപദേശത്തെ ഖണ്ഡിച്ചത് ശ്രദ്ധയിൽ പെട്ട വ്യക്തികൾ പലരും കാൽവിന്റെ ഉപദേശങ്ങളെ വചനവെളിച്ചത്തിൽ പരിശോധിച്ച് തെറ്റെന്നു കണ്ട് അതു പരസ്യമായി പ്രഖ്യാപിച്ച കാരണത്താൽ അങ്ങനെയുള്ള അമ്പതു പേരെ കൂടി അടുത്ത അഞ്ചു വർഷങ്ങൾ കൊണ്ട് കാൽവിനും അനുചരന്മാരും കൂടി കൊന്നൊടുക്കി. 76 പേരെ ജനീവയിൽ നിന്ന് നാടു കടത്തി. (ഈ വിഷയങ്ങൾക്ക് വ്യക്തമായ തെളിവ് ചരിത്ര പുസ്തകങ്ങളിൽ ലഭ്യമാണ്). തങ്ങളുടെ ആശയങ്ങളോട് വിയോജിപ്പ് പ്രകടിപ്പിച്ചവരെ, കാൽവിനും അനുചരന്മാരും തങ്ങൾക്ക് ഭരണകർത്താക്കളിൽ ഉണ്ടായിരുന്ന സ്വാധീനം ഉപയോഗിച്ച് അറസ്റ്റ് ചെയ്യിക്കുകയും മാസങ്ങൾ നീണ്ട ക്രൂരപീഡനങ്ങൾക്ക് ഇരയാക്കുകയും ചെയ്തു.

ഇന്നു ബ്രദറൺ സമൂഹത്തിലെ കാൽവനിസ്റ്റ് വക്താക്കളിലും ഈ തൻപ്രമാണിത്ത രീതി വളരെ പ്രകടമായ നിലയിൽ കാണാം. തങ്ങളിലെ വചനവിരുദ്ധത ചൂണ്ടിക്കാണിക്കുന്നവരെ കൊല്ലാക്കൊല ചെയ്തു ഇല്ലായ്മ ചെയ്യുന്ന മുടക്ക് സമ്പ്രദായം കാൽവനിൽ നിന്നും ബ്രദറുകാരിലെ കാൽവനിസ്റ്റുകൾ കടമെടുത്തു നടപ്പാക്കുന്ന കൊടുംക്രൂരതയാണ്. കാലങ്ങൾ കഴിഞ്ഞപ്പോൾ, തനിക്കു ജനീവയിൽ അഭയം നൽകിയ അമി പെനിൻ എന്ന ഭരണാധികാരിയെ തന്നെ കാൽവിൻ സ്ഥാനഭ്രഷ്ടനാക്കി.

### അനാബാപ്റ്റിസ്റ്റുകൾ

ശിശുസ്നാനത്തിൽ ഉറച്ചു വിശ്വസിച്ചിരുന്ന കാൽവിൻ, അനാബാപ്റ്റിസ്റ്റുകൾ വിശ്വാസസ്നാനത്തിൽ വിശ്വസിച്ചു എന്ന കാരണത്താൽ അവരുടെ

പ്രധാന ശുശ്രൂഷകനെ സഭയിൽ നിന്നും ജനീവയിൽ നിന്നും പുറത്താക്കി. പിഴ അടപ്പിക്കുക, നാടു കടത്തുക, ജയിൽവാസം നൽകുക, ക്രൂരമായ പീഡനത്തിനു വിധേയമാക്കുക, കൊല്ലുക, വീടുകൾ തീവച്ച് നശിപ്പിക്കുക എന്നിവയെല്ലാം കാൽവിന്റെ ക്രൂരവിനോദങ്ങളായിരുന്നു. കാൽവിന്റെ ഉപദേശത്തെ എതിർത്ത വ്യക്തികളുടെ വിധവമാരോടോ അനാഥരായ കുഞ്ഞുങ്ങളോടോ യാതൊരു ദയയും കാണിക്കാതെ അവരെ കൊന്നൊടുക്കുകയോ നാടു കടത്തുകയോ ചെയ്യുന്നതിൽ കാൽവിൻ ആനന്ദം കണ്ടെത്തി.

### ഫ്രെക്കീൾസ് ഡുനണ്ട്

ഫ്രെക്കീൾസ് ഡുനണ്ട് എന്ന വ്യക്തി കാൽവിന്റെ ഉപദേശ നിലപാടിനോട് വിയോജിപ്പുള്ള വ്യക്തിയായിരുന്നു. നിന്റെ ഉപദേശനിലപാട് തള്ളിക്കളഞ്ഞ് എന്റെ ഉപദേശങ്ങൾ ശരിയെന്നു പരസ്യമായി പറഞ്ഞാൽ നിന്നെ വെറുതെ വിടാം എന്നു ജോൺ കാൽവിൻ ഡുനന്റിനോടു പറഞ്ഞു. പക്ഷേ അദ്ദേഹം അതിനു വിസമ്മതിച്ചതിനാൽ, അദ്ദേഹത്തിനു ക്രൂരപീഡനങ്ങൾ നൽകുകയും മൃതപ്രായനായ തന്നെ തെരുവിലൂടെ വലിച്ചിഴച്ച് ഒടുവിൽ ജീവനോടെ കത്തിക്കുകയും ചെയ്തു.

കാൽവിന്റെ ഉപദേശത്തെ തിരസ്കരിച്ചു എന്ന കുറ്റത്താൽ പിടിക്കപ്പെടുന്ന വ്യക്തികളെ കൊല്ലുന്നതിനു മുമ്പ് അവരുടെ കൈ വെട്ടുന്ന രീതിയും ഉണ്ടായിരുന്നു. കുറ്റാരോപിതരായി ജയിലിൽ അടയ്ക്കപ്പെട്ട പലരും ക്രൂരപീഡനങ്ങൾ സഹിക്കാൻ കഴിയാതെ ആത്മഹത്യ ചെയ്ത ധാരാളം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പകർച്ചവ്യാധി പരത്തി എന്ന വ്യാജ ആരോപണം ചുമത്തി ഏഴു പുരുഷന്മാരെയും ഇരുപത്തിനാലും സ്ത്രീകളെയും ജയിലിൽ അടച്ചു ക്രൂരമായി പീഡിപ്പിച്ചു എന്നും അതിൽ പതിനഞ്ചു പേരെ ജീവനോടെ കത്തിച്ചു എന്നും ചരിത്രരേഖകൾ വെളിപ്പെടുത്തുന്നു.

### മിഖായേൽ സെർവെറ്റസ്

അക്കാലത്ത് അറിയപ്പെടുന്ന ഒരു ദൈവശാസ്ത്രജ്ഞനായ മിഖായേൽ സെർവെറ്റസ് എന്ന വ്യക്തിയെ ദുരുപദേശം പഠിപ്പിച്ചു എന്ന കുറ്റം ചുമത്തി കാൽവിന്റെ അനുയായികൾ അറസ്റ്റ് ചെയ്തു. ശ്വസനനാളിയുടെ പ്രവർത്തനം സംബന്ധിച്ച് വിശദീകരണം നൽകിയ ആദ്യ യൂറോപ്യൻ ഡോക്ടർ കൂടിയായിരുന്നു അദ്ദേഹം. അദ്ദേഹത്തെ അറസ്റ്റ് ചെയ്തു വളരെ വൃത്തിഹീനമായ ജയിൽ മുറിയിൽ ഇട്ടു പൂട്ടി. ശാരീരികമായി മൃതപ്രായനായ സെർവറ്റെസിനെ ജനക്കൂട്ടത്തെ സാക്ഷി നിർത്തി ജീവനോടു ചുട്ടുകൊന്നു. സൾഫർ നിറച്ച ഒരു റീത്ത് സെർവറ്റസിന്റെ തലയിൽ അവർ കെട്ടിവച്ചു. തനിക്കു ചുറ്റും പച്ചവിറക് അവർ അടക്കി, തീയിട്ടു. മരണവേദന

പരമാവധി അനുഭവിപ്പിക്കുക എന്നതായിരുന്നു ഈ ക്രൂരവിനോദത്തിനു പിന്നിലെ ലക്ഷ്യം. പുകഞ്ഞ് പുകഞ്ഞ് ഏകദേശം അരമണിക്കൂർ കഴിഞ്ഞതിനു ശേഷം മാത്രമാണ് തന്റെ ബോധം നഷ്ടപ്പെട്ടത് എന്നു വായിക്കുന്നു.

തന്റെ ജീവിതാന്ത്യം വരെയും തന്റെ ഉപദേശത്തെ എതിർക്കുന്ന വ്യക്തികളെ തിരഞ്ഞുപിടിച്ച് കൊന്നുകളയണം എന്നു സർക്കാരിനോടു താൻ ആവശ്യപ്പെട്ടിരുന്നു. രാഷ്ട്രീയരംഗത്ത് തനിക്കുണ്ടായിരുന്ന സ്വാധീനം ഉപയോഗിച്ച് കാൽവിൻ തന്റെ സ്വാർത്ഥത നിമിത്തം നൂറു കണക്കിനു നിരപരാധികളെ കൊന്നൊടുക്കി. കാൽവനിസത്തിന് എതിരെ ഒരു വാക്ക് ഉച്ചരിക്കുന്നവന് കൊടിയ പീഡകളും മരണവുമാണ് താൻ വിധിച്ചത്.

**കാൽവനിസ്റ്റുകളുടെ മനോഭാവം**

ഇന്നു കാൽവനിസ്റ്റുകൾ എന്നു ക്രിസ്തീയസമൂഹത്തിൽ അറിയപ്പെടുന്നവരും കാൽവനിസം മുറുകെ പിടിക്കുന്നവരും ജോൺ കാൽവിന്റെ അതേ ആത്മാവിനാൽ ഭരിക്കപ്പെടുന്നവരും നയിക്കപ്പെടുന്നവരുമാണ്. കൊടിയ ദുരുപദേശം വിശ്വാസികളുടെ മനസ്സിൽ പതിപ്പിക്കുന്ന ഇക്കൂട്ടർ അവരുടെ ഉപദേശത്തിലെ തെറ്റുകളെ ചൂണ്ടിക്കാണിക്കുന്ന വ്യക്തികളെ കൊന്നു കൊലവിളിക്കുന്നതിൽ യാതൊരു മടിയും ഇന്നും കാണിക്കാറില്ല.

ബ്രദറൺസമൂഹത്തിലെ കാൽവിൻസിദ്ധാന്തക്കാർ ശാരീരികമായി എതിരാളികളെ കൊന്നിട്ടില്ല. കാരണം കാൽവിനു ഉണ്ടായിരുന്നതുപോലെ രാജ്യഭരണരംഗത്ത് അവർക്ക് എത്തിപ്പെടാൻ സാധിച്ചിട്ടില്ല എന്നതും ബ്രദറൺ സമൂഹം പൊതുവെ ദൈവഭയവും ആത്മികദർശനവും ഉള്ള സമൂഹം ആയതുകൊണ്ട് ഒരു കൊലപാതകം അവരുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കും എന്നു തിരിച്ചറിയുന്നതിനാൽ, സഭാന്തരീക്ഷത്തിൽ തങ്ങളുടെ സ്വാധീനം ഉപയോഗിച്ച് എതിരാളികളെ ആത്മികമായി കൊല്ലാക്കൊല ചെയ്യുന്നതു കാണുവാൻ സാധിക്കും. ശാരീരികമായി കൊല്ലുമെന്നു ഭീഷണിപ്പെടുത്താൻ ഇക്കൂട്ടർ മടിച്ചിട്ടുമില്ല.

സകലവിധ മാധ്യമങ്ങളും സഭാബന്ധങ്ങളും അവർ ഈ ആത്മിക കൊലപാതകങ്ങൾക്ക് ഉപാധികളായി പ്രയോജനപ്പെടുത്തുന്നു. വചനവെളിച്ചത്തിൽ കാൽവനിസത്തിലെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നവരെ ഇന്നും കാൽവനിസ്റ്റുകൾ വ്യക്തിപരമായി തേജോവധം ചെയ്യുകയും ആത്മികശുശ്രൂഷാരംഗത്തുനിന്നും ഒറ്റപ്പെടുത്തി ആത്മികമരണം ഉറപ്പാക്കുവാൻ ശ്രമിക്കുകയും ചെയ്തുവരുന്നു. അങ്ങനെ ചരിത്രത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ചാൽ ഒരു കൊലപാതക ദൈവശാസ്ത്രമാണ് കാൽവനിസം എന്നു പറയുവാൻ സാധിക്കും. ഇതു വേർപെട്ട ദൈവജനത്തിനു അനുയോജ്യമോ എന്നു വായനക്കാർ തന്നെ തീരുമാനിക്കുക.

# 19 പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

### മൂന്നാം ഭാഗം: മൃഗങ്ങൾ

**4. കുറുക്കൻ** (മത്തായി 8:20)

പുതിയനിയമത്തിൽ കാണുന്ന മറ്റൊരു മൃഗമാണ് കുറുക്കൻ. പഴയനിയമത്തിൽ ആറു തവണയും പുതിയ നിയമത്തിൽ മൂന്നു തവണയും നമുക്ക് കുറുക്കനെ കാണാം.

**കുറുക്കനും വിളവും:** ദൈവവചനമായ ബൈബിൾ എന്ന ഗ്രന്ഥസമാഹാരത്തിൽ നാം ആദ്യമായി കുറുക്കനെ കാണുന്നത് പഴയനിയമത്തിൽ ന്യായാധിപന്മാരുടെ പുസ്തകത്തിലാണ്. ഫെലിസ്ത്യരോടുള്ള കോപം നിമിത്തം ശിംശോൻ ചെയ്ത പ്രവൃത്തി അവിടെ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "ശിംശോൻ പോയി മുന്നൂറു കുറുക്കന്മാരെ പിടിച്ച് വാലോടുവാൽ ചേർത്ത് പന്തം എടുത്ത് ഈരണ്ടു വാലിന്നിടയിൽ ഓരോ പന്തം വച്ചുകെട്ടി. പന്തത്തിനു തീ കൊളുത്തി ഫെലിസ്ത്യരുടെ വിളവിലേക്കു വിട്ടു" (ന്യായാധിപന്മാർ 15:4). വാലിനു തീ പിടിച്ച കുറുക്കന്മാർ ഫെലിസ്ത്യരുടെ വയലുകളിലൂടെയും തോട്ടങ്ങളിലൂടെയും ചന്നംപിന്നം ഓടി ആ വിളവ് മുഴുവൻ നശിപ്പിച്ചു.

വാലിൽ തീയുമായി ഓടിയ കുറുക്കന്മാർ നിമിത്തം "കൊയ്തുവച്ച കറ്റകളും, കൊയ്യാനുള്ള വിളകളും, ഒലിവ്തോട്ടങ്ങളും അഗ്നിക്കിരയായി" (15:5). *(സത്യവേദപുസ്തകം-ആധുനിക വിവർത്തനം)* തീർന്നില്ല; മുന്തിരിത്തോട്ടങ്ങൾ കൂടി അഗ്നിക്കിരയായി. മൂലഭാഷയിലും ഇംഗ്ലീഷ് പരിഭാഷകളായ KJV, NIV, ASV എന്നിവയിലും മുന്തിരിത്തോട്ടങ്ങളുടെ കാര്യവും കൂടി കാണുന്നുണ്ട്. വേദപുസ്തകത്തിലേക്കുള്ള കുറുക്കന്റെ 'എൻട്രി' (പ്രവേശനം) കൊള്ളാം. സ്വയം കത്തിത്തീരുകയും അപ്പോൾ തന്നെ ദേശത്തെ കൃഷി മൊത്തം കത്തിച്ചുചാമ്പലാക്കുകയും ചെയ്തുകൊണ്ടുള്ള ഒരു 'എൻട്രി'!

**കുറുക്കനും കുഴിയും:** "ഗുരോ നീ എവിടെ പോയാലും ഞാൻ നിന്നെ അനുഗമിക്കാം" എന്ന് ഒരാൾ പറഞ്ഞപ്പോൾ യേശുവിന്റെ മറുപടി ഇപ്രകാരമായിരുന്നു: "കുറുനരികൾക്കു കുഴികളും ആകാശത്തിലെ പറവകൾക്കു കൂടുകളും ഉണ്ട്; മനുഷ്യപുത്രനോ തല ചായിപ്പാൻ ഇടം ഇല്ല" (മത്തായി 8:19,20). കുറുക്കന്മാരേക്കാളും ആകാശത്തിലെ പക്ഷികളേക്കാളും മോശമാണ് തന്റെ ഭൗതികസാഹചര്യങ്ങൾ എന്നു കർത്താവ് ഇവിടെ പറയുകയാണ്. ഏതെങ്കിലും ഭൗതികനേട്ടങ്ങൾക്കുവേണ്ടി എന്നെ അനുഗമിക്കേണ്ടതില്ല എന്ന സന്ദേശവും അതിലില്ലേ? ഇങ്ങനെ പറഞ്ഞ കർത്താവിന്റെ ചില 'വിലയേറിയ ദാസന്മാർ' സമൃദ്ധിയുടെ സുവിശേഷവുമായി സമൂഹത്തെ ഇളക്കി മറിച്ച്, കോടീശരന്മാരായി സമൃദ്ധിയോടെ ജീവിക്കുന്നത് ഒരു വിരോധാഭാസം തന്നെയല്ലേ?!

താമസിക്കാൻ സ്വന്തമായി ഒരു സ്ഥലം പോലുമില്ലാത്ത ലീഡർ! അവനെ അനുഗമിക്കാൻ, സ്വന്തമായി കൈവശമുള്ളതെല്ലാം ഉപേക്ഷിച്ച് ഇറങ്ങിപ്പുറപ്പെട്ട ശിഷ്യന്മാർ! ലീഡറും അണികളും കൊള്ളാം. പക്ഷേ, ലോകചരിത്രത്തെ വിസ്മയം കൊള്ളിച്ച ഗുരുവും ശിഷ്യന്മാരുമായിരുന്നു അത് എന്നു കാലം തെളിയിച്ചു. ഉരുക്കിന്റെ ഓടാമ്പലുകളാൽ പിശാച് ബന്ധിച്ചിട്ടിരുന്ന ചില ഹൃദയകവാടങ്ങൾ സുവിശേഷത്തിന്റെ താക്കോൽ ഉപയോഗിച്ച് ആ ശിഷ്യന്മാർ തുറന്നു. കള്ളന്മാരും കൊലപാതകന്മാരും ദൈവത്തെ വിളിക്കാൻ തുടങ്ങി. വേശ്യമാരും വെറുക്കപ്പെട്ടവരും ആത്മാർത്ഥമായി പ്രാർത്ഥിക്കാൻ തുടങ്ങി. നരഭോജികളും നരാധമന്മാരും മനുഷ്യരെ സ്നേഹിക്കാൻ തുടങ്ങി. ഹാ! ഇതുപോലൊരു ലീഡറേയും അണികളേയും നമുക്കു വേറെ കാണാൻ കഴിയുമോ?

കുറുക്കന്മാർക്ക് കുഴികളെങ്കിലും ഉണ്ട്. പക്ഷേ മനുഷ്യപുത്രന് തല ചായ്പാൻ സ്ഥലമില്ലത്രേ! കുറുക്കന്മാരെ സൃഷ്ടിക്കുകയും അവ കുഴികളിൽ താമസിക്കട്ടെ എന്നും തീരുമാനിക്കുകയും ചെയ്ത കർത്താവാണ് തനിക്ക് തല ചായ്പാൻ സ്ഥലമില്ലെന്നു പറഞ്ഞത്! മനുഷ്യനെ വീണ്ടെടുക്കാനുള്ള തീരുമാനവുമായി ഈ ഭൂമിയിൽ മനുഷ്യപുത്രനായി വന്ന കർത്താവ്, കുറുക്കനേക്കാളും പക്ഷിയേക്കാളും മോശമായ സാഹചര്യത്തിൽ ജീവിച്ചു! സ്രഷ്ടാവ് സൃഷ്ടിയേക്കാൾ താഴുകയോ! അതെ, അതാണ് സംഭവിച്ചത്. അതാണ് കൃപ. നാം നിമിത്തം "ദരിദ്രനായിത്തീർന്ന കൃപ"! (2 കൊരിന്ത്യർ 8:9)

തല ചായ്പാൻ സ്ഥലം ഇല്ല എന്നു പ്രഖ്യാപിച്ച് ഈ ഭൂമിയിൽ ജീവിച്ച കർത്താവിനോടാണ് നാം ഒരു വീടിനുവേണ്ടി അപേക്ഷിക്കുന്നത് എന്നതും കൗതുകകരം തന്നെ. പക്ഷേ പ്രാർത്ഥന കേൾക്കുകയും ഉത്തരമരുളുകയും

ചെയ്യുന്ന കർത്താവ് തീർച്ചയായും ഭവനമില്ലാത്തവരുടെ പ്രാർത്ഥന കേൾക്കും. എന്നാൽ ഭവനമില്ലാത്തതിന്റെ ബുദ്ധിമുട്ട് ഒരു ഉപന്യാസം പോലെ കർത്താവിന്റെ മുമ്പിൽ ആരും വിവരിച്ച് പ്രാർത്ഥിക്കേണ്ടതില്ല. കാരണം മനസ്സിലായല്ലോ.

**കുറുക്കനും ഹെരോദാവും:** ഹെരോദാവ് യേശുവിനെ കൊല്ലുവാനായി ആഗ്രഹിക്കുന്നുണ്ട് എന്ന് ചില പരീശന്മാർ പറഞ്ഞപ്പോൾ കർത്താവിന്റെ മറുപടി വളരെ രൂക്ഷമായിപ്പോയി എന്നു നാം ഒരുപക്ഷേ ചിന്തിച്ചേക്കാം: "നിങ്ങൾ പോയി ആ കുറുക്കനോട്...." (ലൂക്കൊസ് 13:32) എന്നായിരുന്നു കർത്താവിന്റെ മറുപടിയുടെ തുടക്കം. ബൈബിളിലെ കുറുക്കനെക്കുറിച്ചുള്ള അവസാനത്തെ പരാമർശമാണ് ഇത്. സൗമ്യതയുടെ പര്യായമായ കർത്താവിന് കുറച്ചുകൂടി മയത്തിൽ സംസാരിക്കാമായിരുന്നു എന്നു ചിന്തിക്കുന്നവരുണ്ട്. കർത്താവ് കോപം കൊണ്ട് കലി തുള്ളി സംസാരിച്ച വാചകമായി ഇതിനെ തെറ്റിദ്ധരിക്കുമ്പോഴാണ് ഇങ്ങനെയൊക്കെ ആളുകൾ ചിന്തിച്ചുപോകുന്നത്. വാസ്തവത്തിൽ കർത്താവ് സൗമ്യനായിത്തന്നെയാണ് ഇത് സംസാരിച്ചത്.

എങ്കിൽ ഹെരോദാവിനെ പരസ്യമായി കുറുക്കൻ എന്നു വിളിച്ച് അധിക്ഷേപിച്ചതോ? ഓ! അങ്ങനെയല്ല. അത് അധിക്ഷേപിച്ചതല്ല. ഒരു സത്യം ആലങ്കാരികമായി പറഞ്ഞതാണ്. കർത്താവ് മുന്തിരിവള്ളിയാണെന്നു കർത്താവ് തന്നെ അവകാശപ്പെട്ടിട്ടുണ്ടല്ലോ (യോഹന്നാൻ 15:1). കർത്താവിനെ കൊല്ലുവാൻ ഇച്ഛിക്കുന്ന ഹെരോദാവ്, വാസ്തവത്തിൽ ആ മുന്തിരിവള്ളിയെ നശിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്. മുന്തിരിവള്ളിയെ നശിപ്പിക്കുന്ന ഒരു ജീവിയാണ് കുറുക്കൻ. "മുന്തിരിവള്ളി നശിപ്പിക്കുന്ന കുറുക്കന്മാർ" എന്നു നാം ഉത്തമഗീതം 2:15 ൽ വായിക്കുന്നുണ്ടല്ലോ. കർത്താവായ മുന്തിരിവള്ളിയെ നശിപ്പിക്കുന്ന കുറുക്കനാണ് ഹെരോദാവ് എന്നേ കർത്താവ് ഉദ്ദേശിച്ചുള്ളൂ.

ഇന്നത്തെ ഇന്ത്യയിലേക്ക് ഒന്നു കണ്ണോടിച്ചുനോക്കൂ. കുറെ കുറുക്കന്മാരെ കാണുന്നില്ലേ? മുന്തിരിവള്ളി നശിപ്പിക്കാനായി അലറിയടുക്കുന്ന കുറെ കുറുക്കന്മാർ. ആ കുറുക്കന്മാർ ഇത് വായിക്കാൻ സാധ്യതയില്ലെന്നു തോന്നുന്നു. എന്നാലും എഴുതുകയാണ്: കുറുക്കന്മാരേ, നിങ്ങൾക്ക് ഫെലിസ്ത്യരുടെ മുന്തിരിത്തോട്ടമേ ചുട്ടുചാമ്പലാക്കാൻ കഴിയൂ; യേശുവിന്റെ മുന്തിരിത്തോട്ടം നശിപ്പിക്കാൻ കഴിയില്ല. ഇതിനു മുമ്പ് നശീകരണവാസനയുമായി ഇറങ്ങിപ്പുറപ്പെട്ട് പരാജയപ്പെട്ടുപോയ കുറുക്കന്മാരുടെ വരിയിൽ നിങ്ങളും നിൽക്കേണ്ടി വരും. എന്തുകൊണ്ടെന്നാൽ പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല (മത്തായി 16:18).

**(തുടരും)**

# പരിശുദ്ധാത്മാവ്

-എംവിഎസ്- 38

**ആത്മാവിനെ കെടുക്കരുത് - എങ്ങനെ?**

1 തെസ്സലോനിക്യർ 5:19 ൽ, ആത്മാവിനെ കെടുക്കരുത് എന്നു രേഖപ്പെടുത്തിയിരിക്കുന്നു. പരിശുദ്ധാത്മാവ് എന്ന അഗ്നിയെ കെടാതെ നോക്കണം എന്നാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. പരിശുദ്ധാത്മാവ് എന്ന തീ കെടാതിരിക്കാൻ നാം എന്തെല്ലാം ചെയ്യണം എന്നു ചിന്തിക്കാം.

**1. കൃപാവരങ്ങൾ ജ്വലിപ്പിക്കണം** (2 തിമൊ. 1:6)

''...നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കണം'' എന്നാണ് തിമൊഥെയൊസിനോട് പൗലൊസ് പറഞ്ഞത്. കൃപാവരങ്ങൾ (1 കൊരിന്ത്യർ 12:4) ഓരോരുത്തർക്കും പകുത്തു കൊടുക്കുന്നത് പരിശുദ്ധാത്മാവാണ് (1 കൊരി. 12:11). ഈ കൃപാവരങ്ങൾ ഉപേക്ഷയായി വിചാരിക്കരുത് (1 തിമൊ. 4:14). പരിശുദ്ധാത്മാവ് ഓരോരുത്തനും കൊടുത്തിരിക്കുന്ന കൃപാവരങ്ങൾ ജ്വലിപ്പിക്കാതിരിക്കുന്നത്, പരിശുദ്ധാത്മാവ് എന്ന തീയിനെ കെടുത്തിക്കളയുന്ന പ്രക്രിയയാണ്.

എത്ര മികച്ച തബലിസ്റ്റായാലും ദിവസവും പ്രാക്റ്റീസ് ചെയ്തില്ലെങ്കിൽ അവനിലെ കഴിവ് കുറയും, ക്രമേണ നഷ്ടപ്പെടും. എത്ര വേഗതയുള്ള ഓട്ടക്കാരനായാലും ദിവസവും പ്രാക്റ്റീസ് ചെയ്തില്ലെങ്കിൽ അവന്റെ കഴിവ് നഷ്ടപ്പെടും. അതുപോലെ ഒരു വിശ്വാസി അവനിലുള്ള കൃപാവരം ഏതെന്നു തിരിച്ചറിഞ്ഞ് അതുപയോഗിക്കുന്നില്ലെങ്കിൽ അവനിലുള്ള പരിശുദ്ധാത്മാവ് എന്ന തീ കെട്ടുപോകും. അഥവാ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനം അവനിൽ ഇല്ലാതാകും.

**2. എപ്പോഴും സന്തോഷിക്കണം** (1 തെസ്സ. 5:16)

ഈ ജീവിതയാത്ര പലപ്പോഴും ക്ലേശകരമാണ്. വളഞ്ഞുപുളഞ്ഞ്, കയറ്റവും ഇറക്കവും ഉള്ള പാതയിലൂടെയാണ് നമ്മുടെ യാത്ര. ദൈവത്തെ നിന്ദിക്കുന്ന യാതൊരു വാക്കും യാതൊരു പ്രവൃത്തിയും നമ്മുടെ പക്കൽനിന്നും വന്നുകൂടാ. എത്ര സങ്കടകരമായ സാഹചര്യത്തിലും ദൈവകൃപയുടെ കവിഞ്ഞൊഴുക്ക് ഓർത്ത് നമുക്ക് സന്തോഷിക്കാൻ കഴിയണം. ദൈവം തന്റെ മക്കൾക്ക് ദോഷം വരുത്തുന്നവനല്ല. ദോഷമായി എന്തെങ്കിലും ജീവിതത്തിൽ

വന്നു ഭവിച്ചിട്ടുണ്ടെങ്കിൽ, അതിന്റെ പിന്നാലെ ചില നന്മകൾ നമ്മെ തേടിവരുന്നുണ്ട് എന്നു നാം തിരിച്ചറിയണം. അതു മനസ്സിലാക്കാതെ സദാസമയവും സങ്കടപ്പെട്ടും പരിഭവം പറഞ്ഞും പിറുപിറുത്തും കഴിയുന്ന വിശ്വാസി തന്നിലുള്ള പരിശുദ്ധാത്മാവിനെ കെടുത്തിക്കളയുകയാണ് ചെയ്യുന്നത്.

**3. പ്രാർത്ഥനയും സ്തോത്രവും വേണം** (1 തെസ്സ. 5:17)

''എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിനും സ്തോത്രം ചെയ്വിൻ'' എന്നു പറഞ്ഞതിനു ശേഷമാണ് ''ആത്മാവിനെ കെടുക്കരുത്'' എന്നു പൗലൊസ് നിർദ്ദേശിച്ചിരിക്കുന്നത്. അതിൽനിന്നും ആത്മാവിനെ കെടുത്തുന്നതുമായി പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും നിർണ്ണായകമായ ബന്ധമുണ്ടെന്നു മനസ്സിലാക്കാം. പ്രാർത്ഥനയും സ്തോത്രവും എന്ന അനുഭവം നമുക്ക് തുടർച്ചയായി ഉണ്ടാകണം. നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി ദൈവമുമ്പാകെ പ്രാർത്ഥിക്കുന്നതിനും ലഭിച്ച അനുഗ്രഹങ്ങളെയോർത്ത് സ്തോത്രം ചെയ്യാനും നമുക്കു കഴിയണം.

ഈ അനുഭവത്തിൽ കുറവു വന്നാൽ പരിശുദ്ധാത്മാവ് എന്ന തീ അണഞ്ഞുപോകും. ആ തീയിനെ ആളിക്കത്തിക്കാൻ പ്രാർത്ഥനയിലും സ്തോത്രത്തിലും നാം ഉറ്റിരിക്കണം.

**4. സകലവും ശോധന ചെയ്തു നല്ലത് മുറുകെ പിടിക്കണം** (1 തെസ്സ. 5:21)

നിരവധി ഉപദേശങ്ങൾ, നിരവധി വ്യാഖ്യാനങ്ങൾ, നിരവധി ആചാരങ്ങൾ, നിരവധി അഭിപ്രായങ്ങൾ.... എല്ലാം വാരിവിഴുങ്ങാതെ സകലവും നാം പരിശോധിക്കണം. ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലയരുത്. പരിശോധനയിലൂടെ മാത്രമേ നല്ലതു നമുക്കു മനസ്സിലാക്കാൻ കഴിയുകയുള്ളൂ. അബദ്ധവശാൽ നാം മോശമായതു മുറുകെ പിടിച്ചുപോയാൽ അതു പരിശുദ്ധാത്മാവ് എന്ന തീയിനെ പ്രതികൂലമായി ബാധിക്കും. ആ തീയുടെ ജ്വാല കുറഞ്ഞുവരുന്നതിനും ക്രമേണ ഇല്ലാതാകുന്നതിനും ഇടയാകും. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നമ്മിൽ നിന്നു പോയാൽ പിന്നെ നമ്മെ എന്തിനു കൊള്ളാം!

നാം കർത്താവിൽ വിശ്വസിച്ചു സ്നാനമേറ്റതോടുകൂടി പരിശുദ്ധാത്മാവ് എന്ന ദാനം നമുക്കു ലഭിച്ചു കഴിഞ്ഞു (അപ്പൊ.പ്രവൃ. 2:38). ആ പരിശുദ്ധാത്മാവിനെ ജ്വലിപ്പിച്ചുകൊണ്ട് നമ്മിൽ നിലനിർത്തേണ്ട ഉത്തരവാദിത്തം നമുക്കുണ്ട്. പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്ന അനുഭവം നമ്മിൽ ഉണ്ടാകാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. ആ അഗ്നി അണഞ്ഞുപോയാൽ നാം പിന്നെ ഉപയോഗശൂന്യമായ വെറും പാത്രമാണ്.

**(തുടരും)**

# ഇമ്മാനുവിന്റെ സംശയങ്ങൾ 34

## എം.വി.എസ്

## നേതാക്കന്മാരോ, ഗുണ്ടകളോ?

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

നാലാം ക്ലാസ്സിൽ പഠിക്കുന്ന എന്റെ മോൻ കാന്താരി ഇമ്മാനു... എപ്പോഴും സംശയമാണ്. ഈ സംശയങ്ങൾ അവൻ അവന്റെ പപ്പയായ എന്നോടു ചോദിക്കുന്നത് തന്നെ ഭാഗ്യം. പകരം വല്ല നാട്ടുകാരോടാണ് ചോദിച്ചിരുന്നതെങ്കിൽ അവർ അവനെ പിടിച്ച് കുഴിമന്തി ഉണ്ടാക്കി തിന്നുമായിരുന്നു.

"പപ്പാ, ഇവരൊക്കെ നേതാക്കന്മാരാണോ, അതോ ഗുണ്ടകളാണോ?"

തുടങ്ങി, അവന്റെ സംശയം.

"ആരുടെ കാര്യമാടാ?"

''ഞാൻ പത്രത്തിൽ നിന്നും വായിക്കാം" എന്നും പറഞ്ഞ് അവൻ പത്രം വായിക്കാൻ തുടങ്ങി. ആ കൃത്യസമയത്ത്, കണ്ടാൽ കീരിയും പാമ്പും പോലെ മാത്രം പെരുമാറുന്ന അന്ത്രോസ്ബ്രദറും ഇറ്റ്യാനം ചേടത്തിയും വന്നു.

ഇമ്മാനു സന്തോഷത്തോടെ പത്രം വായിച്ചു: "കെപിസിസി പ്രസിഡണ്ട് കെ. സുധാകരന്റെ വാക്കുകൾ: ബ്രണ്ണൻ കോളേജിൽ പഠിക്കുന്ന കാലത്ത്, കളരിയൊക്കെ പഠിച്ചിരുന്ന ഞാൻ ആർത്തുവിളിച്ച് പിണറായിയെ ഒറ്റച്ചവിട്ട് കൊടുത്തു. വീണുപോയ പിണറായിയെ എന്റെ പിള്ളേർ വളഞ്ഞിട്ട് തല്ലി."

"അതിനു പിണറായിയുടെ മറുപടി: സംഘർഷം മൂർച്ഛിച്ചപ്പോൾ ഞാൻ എന്റെ കൈ രണ്ടും ശക്തമായി കൂട്ടിയിടിച്ചു. സ്വാഭാവികമായി അതിന്റെ പിന്നാലെയുള്ള ചില വാക്കുകളും വരും. അതെന്താണെന്നു ഊഹിച്ചാൽ മതി. അപ്പോഴേക്കും ബാലൻ, അയ്യോ വിജയാ ഒന്നും ചെയ്യല്ലേ എന്നു പറഞ്ഞു എന്നെ പിടിച്ചു."

ഇത്രയും വായിച്ചതിനുശേഷം ഇമ്മാനു ഞങ്ങളെ എല്ലാവരെയും മാറിമാറി നോക്കി.

ഇറ്റ്യാനം ചേടത്തി മൂക്കത്ത് വിരൽ വച്ച് പറഞ്ഞു: "ഒരാൾ മുഖ്യമന്ത്രി, മറ്റേയാൾ കോൺഗ്രസ്സിന്റെ പ്രസിഡണ്ടും"

ആരും ഒന്നും മിണ്ടിയില്ല.

വീണ്ടും ഇറ്റ്യാനംചേടത്തി: "ഒരാൾക്ക് വയസ്സ് 76, മറ്റേയാൾക്ക് വയസ്സ് 73. ഇത്രേം പ്രായമായിട്ടും ഏകദേശം അമ്പതു കൊല്ലം മുമ്പ് നടന്ന വീരകൃത്യം രണ്ടു വൃദ്ധന്മാരും ആവേശത്തോടെ പറയുന്നു."

ആരും ഒന്നും മിണ്ടിയില്ല.

"എന്താ ആരും ഒന്നും മിണ്ടാത്തത്?" ഇറ്റ്യാനത്തിനു കലി വന്നു.

"ഈ വീരവാദങ്ങൾ മുഴക്കിയതിലൂടെ എന്തു സന്ദേശമാണ് ഇവർ രണ്ടു പേരും ഇന്നത്തെ യുവാക്കൾക്ക് കൊടുക്കുന്നത്?" എന്നു ചോദിച്ച് ഇറ്റ്യാനം ചേടത്തി എല്ലാവരെയും മാറിമാറി നോക്കി.

ആരും ഒന്നും മിണ്ടിയില്ല.

"എന്താടാ ഇമ്മാനുക്കുട്ടാ ഇവരൊന്നും പറയാത്തത്?"

ഉടനെ ഇമ്മാനുവിന്റെ മറുപടി: "പാർട്ടിക്കാർ വന്നു മുട്ടുകാല് തല്ലിയൊടിക്കും എന്നു പേടിച്ചിട്ടാകും."

അതേറ്റു. അന്ത്രോസ്ബ്രദർ സട കുടഞ്ഞ് എഴുന്നേറ്റു. "പിന്നേയ്... പാർട്ടിക്കാര്... എനിക്കു പുല്ലാണ്. ഇറ്റ്യാനം നിന്നു കുരയ്ക്കുമ്പോൾ ഞാൻ കൂടെ കുരച്ചില്ല, അത്ര മാത്രം."

"എന്താ പ്രശ്നം?" എല്ലാവരും ഞെട്ടി, ശബ്ദം കേട്ട ഭാഗത്തേക്കു നോക്കി. സഖാവ് വിശ്വംഭരൻ!

"ഒന്നുമില്ല വിശ്വംഭരാ, ഇത്തവണ പ്രളയം വന്നാലും നമ്മുടെ സർക്കാർ അതിനെ ഇരട്ടച്ചങ്കോടെ നേരിടും എന്നു ഞങ്ങൾ പറയായിരുന്നു."

അന്ത്രോസ്ബ്രദറിന്റെ കല്ലുവച്ച നുണ കേട്ടപ്പോൾ ഇമ്മാനുവിനു ചിരി വന്നു. വിശ്വംഭരൻ പോയപ്പോൾ ഇറ്റ്യാനം ചേടത്തി അന്ത്രോസ്ബ്രദറിനോടു ചോദിച്ചു. "എടാ പേടിത്തൊണ്ടാ, അന്ത്രോസേ, ഇപ്പൊ വല്ല കോൺഗ്രസ്സുകാരും വന്നാ നീയെന്തു പറയും?"

"ഇത്തവണ പ്രതിപക്ഷം തച്ചു തകർക്കും എന്നു പറയും"

ഇമ്മാനു വീണ്ടു കളത്തിലിറങ്ങി: "പപ്പാ, ഇവരൊക്കെ നേതാക്കളും വയസ്സായവരും അല്ലേ? അപ്പോൾ കുറച്ചുകൂടെ പക്വതയോടെ സംസാരിക്കണ്ടേ? എന്താ പപ്പേടെ അഭിപ്രായം?"

"ദേ ഇവരോട് ചോദിക്ക്" ഞാൻ അന്ത്രോസ്ബ്രദറിനെയും ഇറ്റ്യാനം ചേടത്തിയെയും ചൂണ്ടിക്കാണിച്ച് തടി തപ്പി.

"തെറ്റാണ്... യാതൊരു സംശയവും ഇല്ല.. നേതാക്കന്മാരും പ്രായമുള്ളവരും അടിപിടിയുടെ കാര്യം വർണ്ണിച്ചു കൊണ്ടു നടക്കാതെ പക്വതയോടെ പെരുമാറണം."

ഇറ്റ്യാനംചേടത്തിയാണ് ഇതു പറഞ്ഞത്. ഇറ്റ്യാനം ബ്രസിലാണെങ്കിൽ അന്ത്രോസ്ബ്രദർ അർജന്റീനയാകും. അതാണ് സ്ഥിതി.

അന്ത്രോസ്ബ്രദർ ആക്രമണം അഴിച്ചുവിട്ടു: "ഓ, പ്രായവും പക്വതയും ഒന്നും വർണ്ണിക്കണ്ട... നിങ്ങടെ അച്ചന്മാര് നേതാക്കന്മാരും പ്രായമുള്ളവരും അല്ലേ? എന്നിട്ട് അവര് ബാവാ, മെത്രാൻ എന്നൊക്കെ പറഞ്ഞ് അടിപിടി കൂടുന്നതിനു മുൻപന്തിയിൽ ഉണ്ടല്ലോ?"

"ദേ സഭയെയും അച്ചന്മാരെയും കുറിച്ച് പറഞ്ഞാൽ എന്റെ സമനില തെറ്റും" ഇറ്റ്യാനം അലറി.

"നിനക്ക് സമാധാനമായില്ലേടാ" എന്നു ചോദിച്ച് ഞാൻ ഇമ്മാനുവിന്റെ നേരെ കണ്ണുരുട്ടി. ❍

**എംവിഎസ്**

# ബൈബിൾക്കുലർ

**14**

## സോണിയ സെബാസ്റ്റ്യൻ ബൈബിൾ പഠിച്ചിരുന്നുവെങ്കിൽ!

സോണിയ സെബാസ്റ്റ്യൻ, മെറിൻ ജേക്കബ്... ഇന്ന് അവർ ക്രിസ്ത്യാനികളല്ല, മുസ്ലീങ്ങളാണ്. അഫ്ഗാനിസ്ഥാനിലെ ജയിലിൽ കിടക്കുന്നു. അവർ അവരുടെ ഭർത്താക്കന്മാർക്കൊപ്പം ഭീകരസംഘടനയായ ഇസ്ലാമിക് സ്റ്റേറ്റിൽ ചേർന്നിരുന്നു. അഫ്ഗാനിസ്ഥാൻ-യുഎസ് സൈന്യവുമായുണ്ടായ ഏറ്റുമുട്ടലിൽ അവരുടെ ഭർത്താക്കന്മാർ കൊല്ലപ്പെട്ടതിനെത്തുടർന്ന് അവർ കീഴടങ്ങി. അവരെ നാട്ടിലേക്ക് കൊണ്ടുവരണം എന്നു പറഞ്ഞ് അവരുടെ ബന്ധുക്കൾ കേന്ദ്രഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്.

ആരാണ് സോണിയ സെബാസ്റ്റ്യൻ? കാസർഗോഡ് സ്വദേശി. റോമൻ കത്തോലിക്കാകുടുംബത്തിൽ ജനനം. ബി ടെക്, എംബിഎ ബിരുദങ്ങൾ ഉണ്ട്. 2011 ൽ പാലാ സ്വദേശി അബ്ദുൽ റഷീദിന്റെ ഒന്നാം ഭാര്യയായി. പേര് അയിഷ എന്നാക്കി മാറ്റി. 2016 ൽ, ഐഎസ് ഭീകരസംഘടനയിൽ പ്രവർത്തിക്കാനായി ഭർത്താവിനോടൊപ്പം അഫ്ഗാനിസ്ഥാനിലേക്ക് കടന്നു. 2019 ൽ അബ്ദുൽ റഷീദ് കൊല്ലപ്പെട്ടു.

അഫ്ഗാനിസ്ഥാനിലേക്ക് പോകുംമുമ്പ് സോണിയ സെബാസ്റ്റ്യൻ ഒരു മുസ്ലീംയോഗത്തിൽ സംസാരിച്ച വീഡിയോ യൂട്യൂബിൽ ലഭ്യമാണ്. ഇംഗ്ലീഷിലാണ് പ്രസംഗിച്ചത്. ത്രിത്വം, കുമ്പസാരം എന്നിങ്ങനെയുള്ള കത്തോലിക്കാവിശ്വാസങ്ങൾ അവളെ അസ്വസ്ഥയാക്കി എന്നും പലരോടും ചോദിച്ചിട്ടും സ്വീകാര്യമായ മറുപടി ലഭിച്ചില്ലെന്നും അവൾ പറയുന്നുണ്ട്. ക്രിസ്റ്റ്യാനിറ്റിയിൽ ഇഷ്ടമുള്ളതുപോലെ പെൺകുട്ടികൾക്ക് വസ്ത്രം ധരിക്കാമെന്നും മദ്യപാനം ആകാമെന്നും അവൾ പറയുന്നുണ്ട്. ബൈബിൾ ഇടയ്ക്കിടെ തിരുത്തപ്പെട്ടിട്ടുണ്ടെന്നും എന്നാൽ ഖുർആൻ ആദ്യം ഉള്ളതുപോലെത്തന്നെയാണ് ഇപ്പോഴും ഉള്ളതെന്നും അതുകൊണ്ട് അതാണ് വിശ്വസനീയമെന്നും കൂടി സോണിയ പറഞ്ഞുവച്ചു. ബൈബിളിനും ക്രിസ്ത്യാനിക്കും എതിരെ ചില മുസ്ലീങ്ങൾ കാലങ്ങളായി പറയുന്ന ആരോപണങ്ങൾ ആവർത്തിക്കുക മാത്രമാണ് സോണിയ ഇവിടെ ചെയ്തത്.

ത്രിത്വം എന്ന പദം ബൈബിളിൽ ഇല്ല. പിതാവും പുത്രനും പരിശുദ്ധാത്മാവും എന്നിങ്ങനെയാണ് പറഞ്ഞിട്ടുള്ളത്. അവർ മൂന്നു പേരെക്കുറിച്ചും ബൈബിളിൽ കാണുന്ന പരാമർശങ്ങൾ ചേർത്തുവച്ചു നോക്കുമ്പോൾ അവർ മൂന്നു പേരും ഒന്നാണെന്നു തെളിയുന്നു. ഒരാൾ മൂന്നു വ്യത്യസ്ത നിലകളിൽ പ്രവർത്തിക്കുന്നു എന്നു മനസ്സിലാക്കാം.

സോണിയയ്ക്ക് കൺഫ്യൂഷൻ ഉണ്ടാക്കിയ രണ്ടാമത്തെ കാര്യം കുമ്പസാരമാണ്. അങ്ങനെയൊരു കാര്യം ബൈബിളിൽ ഇല്ല. മറ്റുള്ളവരുടെ പാപങ്ങൾ കേട്ടുരസിക്കാനായി ഏതോ മനോരോഗി ഉണ്ടാക്കിയ നിയമമാണ് കുമ്പസാരം. അച്ചനോട് പാപങ്ങൾ ഏറ്റുപറയാനല്ല, ദൈവത്തോട് ഏറ്റുപറയാനാണ് ബൈബിൾ പഠിപ്പിക്കുന്നത് (1 യോഹന്നാൻ 1:9). ബൈബിൾ വായിച്ചിരുന്നുവെങ്കിൽ സോണിയയ്ക്ക് ഇക്കാര്യം മനസ്സിലാക്കാമായിരുന്നു.

പെൺകുട്ടികൾക്ക് തോന്നിയപോലെ വസ്ത്രം ധരിക്കാനുള്ള സ്വാതന്ത്ര്യം, മദ്യപാനത്തിനുള്ള അനുവാദം ഇവയൊന്നും ബൈബിൾ അനുവദിക്കുന്നില്ല. യോഗ്യമായ വസ്ത്രം ധരിക്കണം എന്നാണ് 1 തിമൊഥെയൊസ് 2:9 ൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഞാൻ വീണ്ടും പറയട്ടെ: സോണിയ ബൈബിൾ വായിച്ചിട്ടില്ല. വായിച്ചുമനസ്സിലാക്കാൻ ശ്രമിച്ചിട്ടില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ എന്തുകൊണ്ട് റോമൻകത്തോലിക്കാസഭ ഇതിനെതിരായി കാര്യങ്ങൾ ചെയ്യുന്നുവെന്നു മനസ്സിലാക്കുകയും, ബൈബിളിലുള്ളതുപോലെ അനുസരിക്കുന്ന ഞങ്ങളെപ്പോലുള്ള കൂട്ടത്തിൽ വരികയും ചെയ്യുമായിരുന്നു. ഇതിപ്പോൾ വറചട്ടിയിൽ നിന്നും അടുപ്പിലേക്ക് വീണതുപോലെയായിപ്പോയി!

ബൈബിൾ തിരുത്തപ്പെട്ടു എന്നു പറയുന്നവർ, എന്ന് തിരുത്തി, ആര് തിരുത്തി എന്നും കൂടി പറയേണ്ടിവരും. ബൈബിൾ തിരുത്തണമെങ്കിൽ യെഹൂദനും ക്രിസ്ത്യാനിയും ഒരുമിച്ച് നിൽക്കണം. (പഴയനിയമം യെഹൂദന്റേതാണല്ലോ.) അങ്ങനെ യെഹൂദനും ക്രിസ്ത്യാനിയും ഒരുമിച്ചു നിൽക്കാത്തിടത്തോളം കാലം ബൈബിൾ തിരുത്തുവാൻ സാധ്യമല്ല.

ഇനി ഖുർആനിന്റെ കാര്യം നോക്കാം. ഒന്നാം ഖലീഫയായിരുന്ന അബൂബക്കറിന്റെ കാലത്തും മൂന്നാം ഖലീഫയായിരുന്ന ഉസ്മാന്റെ കാലത്തും ഖുർആൻ പരിഷ്കരിച്ചിട്ടുണ്ടെന്നു മുസ്ലീങ്ങൾ തന്നെ സമ്മതിക്കുന്ന കാര്യമാണ്. ഖുർആനിന്റെ ആദ്യരൂപത്തിന്റെ പകർപ്പല്ല ഇന്നുള്ളത് എന്നു വ്യക്തം. *ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ* എന്ന പേരിൽ നമ്മുടെ മാസികയിൽ ഒരു ലേഖനപരമ്പര 2012 ൽ പ്രസിദ്ധീകരിച്ചിരുന്നു. അതു നമ്മുടെ വെബ്സൈറ്റിൽ ലഭ്യമാണ്. ഇക്കാര്യം വളരെ വിശദമായി തെളിവുകൾ സഹിതം ആ ലേഖനത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ, സോണിയ സെബാസ്റ്റ്യൻ ബൈബിൾ പഠിച്ചില്ല. അല്ലെങ്കിൽ പഠിക്കേണ്ടവരിൽനിന്നും പഠിച്ചില്ല. ഒരു പുരുഷന് നാലു ഭാര്യമാരെ കൊണ്ടുനടക്കാനുള്ള സ്വാതന്ത്ര്യം തരുന്ന ഖുർആൻ ആണ്, പുരുഷന് ഏകഭാര്യ എന്ന ആശയം പറയുന്ന ബൈബിളിനേക്കാൾ സോണിയയ്ക്ക് നന്നായി തോന്നിയത്. അതുകൊണ്ട് അബ്ദുൽ റഷീദിന്റെ ഒന്നാം ഭാര്യ എന്ന അവസ്ഥയിലേക്ക് സോണിയയ്ക്ക് ഒതുങ്ങേണ്ടി വന്നു. ഇന്ന് മറ്റുള്ളവരുടെ കനിവ് കാത്ത് ജയിലിൽ കഴിയേണ്ട ഗതിയുമായി.

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th July 2021

Posted at
Thrissur RMS

**ആനുകാലികം**

## കാക്കകൾക്ക് കക്കൂസുകൾ!

പ്രശ്സ്തരായവരുടെയും ദൈവങ്ങളുടെയും പ്രതിമകൾ പൊതുസ്ഥലത്ത് വയ്ക്കുന്ന പതിവ് നമ്മുടെ നാട്ടിലുണ്ട്. അവയുടെ തലയ്ക്കു മുകളിൽ കാക്കകൾ വന്നിരിക്കുകയും കാഷ്ഠാഭിഷേകം നടത്തുകയും ചെയ്യുന്നു. അങ്ങനെ കാക്കൾ കാഷ്ഠിച്ചു നശിപ്പിച്ച ശിരസ്സുമായി പള്ളികളുടെ മുകളിൽ 'മാതാവ്', 'യേശു' എന്നിവർ നിൽക്കുന്നതു കാണുമ്പോഴും, പ്രശസ്തരായിട്ടുള്ളവരുടെ പ്രതിമകൾ പൊതുസ്ഥലത്ത് പക്ഷിക്കാഷ്ഠത്തിൽ കുളിച്ച നിലയിൽ നിൽക്കുന്നതു കാണുമ്പോഴും അധികമാർക്കും വിഷമം തോന്നാത്തത് എന്തുകൊണ്ടാണാവോ?

കേരളരാഷ്ട്രീയത്തിലെ ഉജ്ജ്വല വ്യക്തിത്വങ്ങളായിരുന്ന കെ. ആർ. ഗൗരിയമ്മയ്ക്കും ആർ. ബാലകൃഷ്ണപിള്ളയ്ക്കും സ്മാരകം നിർമ്മിക്കുന്നതിനായി 2 കോടി രൂപ വീതം വകയിരുത്തി എന്ന വാർത്ത 2021 ജൂൺ 5 ന് പത്രങ്ങളിൽ നാം വായിച്ചുവല്ലോ.

മൊത്തം നാലു കോടി രൂപ! നാലു ലക്ഷമാണ് ഒരാൾക്ക് വീട് പണിയാൻ കൊടുക്കുന്നത്. നാലു കോടി എന്നാൽ നാനൂറ് ലക്ഷം രൂപ! വീടില്ലാത്ത 100 പേർക്ക് വീട് പണിയുവാൻ മതിയായ പണം! ഗവൺമെന്റിനോട് ഒരു അപേക്ഷയേയുള്ളു: ദയവായി പ്രതിമകൾ സ്ഥാപിക്കാൻ ഈ നാലുകോടി ഉപയോഗിക്കരുത്. കാക്കകൾക്ക് കക്കൂസ് പണിതുകൊടുക്കുന്നതിനു തുല്യമാകും അത്. മറ്റേതെങ്കിലും ജനോപകാരപ്രദമായ നിലയിലുള്ള സ്മാരകങ്ങൾ ആയാൽ ജനം സന്തോഷിക്കും.

വീട് പണിയുവാൻ നാലു ലക്ഷം, പക്ഷേ വെയിറ്റിംഗ് ഷെഡ് പണിയാൻ 35 ലക്ഷം, സ്മാരകം പണിയാൻ നാലു കോടി... ഈ കണക്കുകൾ അങ്ങട് ദഹിക്കിണലല്ലോ ഭഗവാനേ! ❍

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V